

# തിരുപ്പിറവിയുടെ മഹാത്ഭുതം

സി. മുഹമ്മദ്

സാങ്കല്പിക ദൈവങ്ങളായ വിഗ്രഹങ്ങൾക്കു സാഷ്ടാംഗം ചെയ്യുകയാണവർ. മദ്യവും മദിരാക്ഷിയുമായി മത്തടിച്ചുല്ലസിക്കുകയാണവർ. അക്രമവും അനീതിയും നേരംപോക്കായി അംഗീകരിച്ചിരിക്കയാണവർ. പലിശയും ചൂതാട്ടവും കുലത്തൊഴിലാണവർക്ക്. കൊള്ളയും കൊള്ളിവയ്പ്പും തമാശയാണവർക്ക്. രക്തം ചിന്തലും നരഹത്യയും ഹോബിയാണവർക്ക്. ഇങ്ങനെ മാനുഷിക മൂല്യങ്ങളെ വെല്ലുന്ന കറകളഞ്ഞ കൈരാതത്തിന്റെ പ്രതീകങ്ങളായി രൂപാന്തരപ്പെട്ടിരിക്കയാണ് അന്ന് മാനവലോകം.

മാനവൻ പൂവിട്ടു പൂജിക്കുന്ന അന്ധവിശ്വാസ ദുരാചാരങ്ങളുടെ കബന്ധങ്ങൾ ആറടിമണ്ണിൽ സംസ്കരിക്കപ്പെടുവാൻ പോകുകയാണ്. തൽസ്ഥാനത്ത് സത്യവിശ്വാസ സദാചാരങ്ങളുടെ പൂച്ചെടികൾ നട്ടുവളർത്തുവാനും ഒരു പ്രതാപശാലിയുടെ നിഷ്കളങ്ക സേവനം പ്രപഞ്ചത്തിനു ലഭിക്കാനും പോകുകയാണ്. സർവ്വാധിനാഥൻ അങ്ങനെ തീരുമാനിച്ചു. വ്യവസ്ഥാപിതവും പ്രായോഗികവുമായ നിയമസംഹിതകളുടെ പ്രബോധകനായ ഒരു സേവകനെ മനുഷ്യരാശിയിൽ നിന്നുതന്നെ നിയുക്തമാക്കുവാൻ അവൻ തീരുമാനിച്ചു. ആ തീരുമാനം നടപ്പിൽ വരുത്തുവാനുള്ള അവസരവും സമാഗതമായി. ജനിതാവിന്റെ ശുക്ലതോശത്തിൽ വിഹരിക്കുന്ന ആ പ്രത്യേക ബീജം ജനിത്രിയുടെ ഗർഭാശയത്തിലേക്കെഴുന്നള്ളി. നവ്യാഥിതിക്കു വരവേല്പു നല്കുവാൻ അത്യാർത്തിയോടെ കാത്തിരിക്കുകയായിരുന്ന അണ്ഡം അഭിവാദ്യമർപ്പിച്ചു കൊണ്ട് അതിനെ കെട്ടിപ്പുണർന്നു. മാതാവ് ഗർഭവതിയായി. പ്രവാചകപ്രഭു മുഹമ്മദ് മുസ്ഥഫാ(സ)യാണ് ആ തിരുഗർഭം.

ഈ ശുഭമുഹൂർത്തത്തിൽ സംഭവബഹുലമായ പലതും ഭൂമുഖത്തു നടന്നു. അത്ഭുതകരമായ നിരവധി സംഭവങ്ങൾ! മർത്ത്യകുലത്തിൽ പടർന്നുപിടിച്ച പൈശാചിക പ്രവണതകൾക്ക് ആശാവഹമായ പരിവർത്തനം സംഭവിക്കുവാൻ പോകുന്നതിന്റെ ചൂണ്ടുപലകയായിരുന്നു അതെല്ലാം. മനുഷ്യനിർമ്മിതങ്ങളായ കുട്ടിദേവന്മാരും വിഗ്രഹങ്ങളും തലകുത്തി മറിഞ്ഞുവീണു! ഭൂമുഖത്തുള്ള രാജകുമാരന്മാരുടേയും കുമാരികളുടെയും പള്ളിക്കട്ടിലുകളും സിംഹാസനങ്ങളും അന്നു തലകീഴായി മറിഞ്ഞുവീണു! പ്രവാചകപ്രവരനെ ഗർഭം ധരിച്ചതിൽ ആനന്ദതുന്ദിലരായ വന്യമൃഗങ്ങൾ കൂട്ടംകൂട്ടമായി ഘോഷയാത്ര നടത്തി. കളകളാരവം മുഴക്കിക്കൊണ്ട് പറവകൾ വായുമണ്ഡലത്തിലും ജലജീവികൾ തുള്ളിപ്പിടഞ്ഞ് ഊളിയിട്ടുകൊണ്ട് ജലാന്തർഭാഗത്തും. ഗർഭശിശു പുണ്യപ്രവാചകരാണെന്ന സന്തോഷവാർത്ത ഇടതടവില്ലാതെ അശരീരികൾ വന്നു വന്ദ്യമാതാവിനെ കേൾപ്പിച്ചതു വേറെയും.

വിസ്മയാവഹമായ സംഭവങ്ങൾ ഒന്നിന്റെ പിറകിൽ മറ്റൊന്നായി ഒരു വശത്തങ്ങനെ നടന്നുകൊണ്ടിരിക്കുന്നു. മറുവശത്ത് ഗർഭശിശു വിവിധ ദശകൾ ചാടിക്കടന്ന് പൂർണ്ണവളർച്ചയിലേക്കു ത്വരിതഗമനം ചെയ്തുകൊണ്ടിരിന്നു. പത്തുമാസം കൊണ്ട് വളർച്ച പൂർണ്ണമായി. ഒരു റബീഉൽഅവ്വൽ മാസം! തിയ്യതി പന്ത്രണ്ട്. തിങ്കളാഴ്ച പ്രഭാതസമയം. പ്രവാചക ശ്രേഷ്ഠർ പ്രസവിക്കപ്പെട്ടു, ഭൗതികലോകത്തെ പിടിച്ചു കുലുക്കുന്ന അസംഖ്യം അത്ഭുതസംഭവങ്ങൾക്കു പ്രോദ്ഘാടനമായി.

പ്രസവശുശ്രൂഷയിൽ ഭാഗഭാക്കുകളാണ് ചില മഹതികൾ. അവർ അത്ഭുതപരതന്ത്രകളാണ്. മിന്നൽപിണറുകളെപ്പോലെ കണ്ണഞ്ചിക്കുന്ന ഒരു ശോഭ. പെറ്റുവീണ ചോരക്കുഞ്ഞിന്റെ കൂടെ പ്രദുർഭവിച്ചതാണത്. ദിക്കിന്റെ ദിഗന്തങ്ങളിൽ അതു മാറ്റൊലികൊണ്ടു. എല്ലാവരുടേയും ദൃഷ്ടിക്കു ഗോചരമായിരുന്നു അത്. ശഫാ എന്ന മഹതിയാണ് ദൃക്സാക്ഷികളിലൊരാൾ. അബ്ദുർറഹ്മാനുബ്നു ഔഫി(റ)ന്റെ വന്ദ്യ മാതാവാണവർ. റോമിലെ അംബരചുംബികളായ കൊട്ടാരങ്ങൾ ആ ശോഭയുടെ ആധിക്യം കൊണ്ട് ദൃശ്യമായിരുന്നുവെന്ന് പിന്നീട് ആ മഹിളാരത്നം വിവരിച്ചിട്ടുണ്ട്. പതിവുപോലെ ജാതൻ തുള്ളിപ്പിടഞ്ഞു. 'അല്ലാഹു അങ്ങയെ അനുഗ്രഹിക്കട്ടെ!' അശരീരി വിളിച്ചു പറയുന്നതും അവർ കേൾക്കുകയുണ്ടായി. അനന്തരം മൂടൽമഞ്ഞുപോലെ ഒരു വെള്ള മേഘം വന്നു വലയം സൃഷ്ടി

ച്ചു. ഭയവിഹ്വലയായ ആ മഹതി വിറച്ചുപോയി.

മറ്റൊരു മഹതിയാണു ഫാത്വിമത്തുസ്സഖഫി. ഉസ്മാനുബ്നിൻഅബിൽ ആസിയുടെ വന്ദ്യ മാതാവാണവർ. താരാപഥത്തിൽ സഞ്ചരിക്കുകയാണു മിന്നിത്തിളങ്ങുന്ന താരങ്ങൾ. ആമിന(റ) പ്രസവിച്ച ചോരക്കുഞ്ഞിനെ പുല്കുവാൻ ആ താരങ്ങൾ ചാരത്തു വന്ന് എത്തിനോക്കുന്ന പ്രതീതി. ആ താരങ്ങൾ തന്റെ തലയിൽ അടർന്നുവീഴുകയാണോ എന്നുപോലും അവർ സംശയിച്ചുപോയി. തന്റെ അനുഭവം പിന്നീടു പ്രസ്താവിച്ചതാണിതെല്ലാം. അചേതന വസ്തുക്കൾപോലും ബഹുമാനിച്ചാദരിക്കുന്ന ഈ ശിശുവിന്റെ പ്രസ്ഥാനം ലോകത്തെങ്ങും വിലസുമെന്ന മുന്നറിയിപ്പു നല്കലായിരുന്നു ഇതെല്ലാം.

കൊള്ളിമീൻചാട്ടം അന്ന് തകൃതിയായി നടന്നിട്ടുണ്ട്. അന്ധകാര മയമായ വായുമണ്ഡലം ഓടിപ്പായുന്ന ചെങ്കോലുകളുടെ വിഹാരമണ്ഡലമായി രൂപാന്തരപ്പെട്ടു. ചെവിയോർത്തു കൊണ്ടു വിഹായസ്സിലേക്ക് എത്തിനോക്കുന്ന പിശാചുക്കളെ തുരത്തുവാൻ ഏർപ്പെടുത്തിയ ഒരു തരം മിസൈലായിരുന്നു അത്. മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളിൽ നിന്ന് ആവശ്യമാകമ്പോൾ തെറിച്ചുപോകുന്ന ഒരു തരം ജ്വാലയായിരുന്നു അത്. അതു ചെന്നു തറച്ച ജിന്നുകളിൽ ചിലർ ചാമ്പലാകുകയാണെങ്കിൽ മറ്റു ചിലർ വികലാംഗരായി നിലംപതിച്ചവരാണ്. പിശാചുക്കളുടെ സൈ്വരമായ കൂത്താട്ടത്തിന് അനല്പമായ മാറ്റം സംഭവിക്കുകയാണെന്ന സൂചനയാണതിൽ അന്തർലീനമായ രഹസ്യം.

ബഹുദൈവാരാധകന്മാർ ദേവാലയങ്ങളിലും പൂജാമഠങ്ങളിലും വച്ച് പൂജിച്ചിരുന്ന വിഗ്രഹങ്ങളും തലകുത്തി മറിഞ്ഞു വീണു! വഴിപാടുകളർപ്പിക്കുവാൻ ഭക്ത്യാദരപുരസ്സരം കേറിച്ചെന്ന പൂജാരികൾ അമ്പരന്നുപോയി. താന്താങ്ങൾ നിർമ്മിച്ച നിർജ്ജീവ വസ്തുക്കൾക്ക് ആരാധനകളർപ്പിക്കുന്നതിന്റെ അനൗചിത്യം ബുദ്ധിശാലികൾ ഓർത്തിരിക്കണം. ദയനീയമാംവണ്ണം തറയിൽ വീണുകിടക്കുന്ന ദേവന്മാരെ ആ മ്ലാനവദനർ നിവർത്തിയിരുത്തി. വീണ്ടും പൂജാകർമ്മങ്ങളർപ്പിക്കാൻ തുടങ്ങി. പക്ഷേ, അവരെ നിരാശരാക്കി അവ വീണ്ടും മറിഞ്ഞുവീണു! മനുഷ്യരിൽ രൂഢമൂലമായ അന്ധവിശ്വാസങ്ങളും അറുവഷളൻ വിക്രിയകളും പറിച്ചു നീക്കുവാനുള്ള സുവർണ്ണാവസരം സമാഗതമാകുകയാണെന്ന് തങ്ങളുടെ ദേവന്മാർ മൂകഭാഷയിൽ ഉണർത്തിയതായിരുന്നു അതെല്ലാം.

അന്ത്യപ്രവാചകർ ഭൂജാതരായ വാർത്ത അതിനു മുമ്പു തന്നെ പലരും പ്രവചിച്ചു. പൂർവ്വവേദങ്ങളിൽ അഗാധ ജ്ഞാനം നേടിയ പുരോഹിതന്മാരുടെ പ്രഖ്യാപനമായിരുന്നു അത്. റസൂൽകരീം(സ)ന്റെ അംഗീകൃത കവിയായിരുന്ന ഹസ്സാനുബ്നുസാബിത് അന്നൊരു ചെറുബാലനാണ്. ഏഴുവയസ്സാണു പ്രായം. അന്നത്തെ ഒരനുഭവം താനുദ്ധരിക്കുകയാണ്. 'ഹേ! യഹൂദികളേ!' മദീനയിലെ ഒരു ജൂതപണ്ഡിതൻ ഒരു സുപ്രഭാതത്തിൽ വിളിച്ചു കൂവിയതാണിത്. വിളികേട്ട ജൂതന്മാരെല്ലാം ഓടിയെത്തി. 'താങ്കൾക്കെന്തുപറ്റി?' അവർ തിരക്കി. 'എനിക്കൊന്നും പറ്റിയിട്ടില്ല. അന്ത്യപ്രവാചകൻ പ്രസവിക്കപ്പെട്ടിരിക്കയാണ്. അത് വിളിച്ചോതുന്ന നക്ഷത്രം ഉദയം ചെയ്തിട്ടുണ്ട്. ഈ നവീന വാർത്ത നിങ്ങളെ അറിയിക്കലാണ് എന്റെ ലക്ഷ്യം.' ജൂതൻ പ്രഖ്യാപിച്ചു. ഹസ്സാനുബ്നുസാബിതിന്റെ കൺമുമ്പിൽ വച്ചാണിതെല്ലാം നടന്നത്.

കച്ചവടാവശ്യാർത്ഥം മക്കയിൽ ആഗതനാണു മറ്റൊരു ജൂതൻ. അന്നു പ്രഭാതത്തിൽ അയാൾ വിളിച്ചു ചോദിക്കുകയാണ്: 'ഹേ! ഖുറൈശികളേ, നിങ്ങളുടെ തറവാട്ടിൽ വല്ല കുഞ്ഞുങ്ങളും ഇന്നു പ്രസവിക്കപ്പെട്ടിട്ടുണ്ടോ?' 'അറിയപ്പെട്ടിട്ടില്ല.' കേട്ട ചിലർ മറുപടി പറഞ്ഞു. 'അന്വേഷിച്ചു നോക്കുക. ഈ സമുദായത്തിന്റെ പ്രവാചകൻ ഇന്നു പ്രസവിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ചുമലിൽ പ്രത്യേകം ഒരു ലക്ഷണമുണ്ടായിരിക്കും.' ജൂതൻ തറപ്പിച്ചു പറഞ്ഞു. അവർ അന്വേഷണത്തിനു തയ്യാറെടുത്തു. അപ്പോഴേക്കും അവർക്കൊരു വിവരം ലഭിച്ചു. അബ്ദുൽമുത്തലിബിന്റെ പുത്രൻ അബ്ദുല്ലയുടെ പ്രിയപത്നി ആമിന ഇന്നൊരു ആൺകുഞ്ഞിനെ പ്രസവിച്ചിട്ടുണ്ട് എന്ന്. ജൂതന്റെ നേതൃത്വത്തിൽ അവർ കുഞ്ഞിനെ കാണാൻ പോയി. അവർക്കു കുഞ്ഞിനെ കാണിക്കപ്പെട്ടു. ജൂതൻ ധൃതിപ്പെട്ട് കുഞ്ഞിന്റെ ചുമൽ പരിശോധിച്ചു. താൻ പ്രവചിച്ച പ്രത്യേക ലക്ഷണം സ്ഫടിക സ്ഫുടമായി ചുമലിൽ തെളിഞ്ഞു കിടക്കുന്നു! ഇതു ദർശിച്ച ജൂതൻ മോഹാലസ്യപ്പെട്ടു നിലംപതിച്ചു. കൂട്ടുകാർ വിസ്മയിച്ചുപോയി. സ്വബോധം വീണ്ടുകിട്ടിയ ശേഷം അവർ ചോദിക്കുകയാണ്. 'ഇതെന്തൊരു കഥയാണ്?' ജൂതൻ: 'ഇസ്രായീൽ സന്തതികളിൽ നിന്നു പ്രവാചകത്വം പമ്പകടന്നതിൽ കുണ്ഠിതപ്പെട്ടതു കൊണ്ടാണെനിക്കു മോഹാലസ്യമുണ്ടായത്. ഈ കൈകുഞ്ഞ് ഒരു കാലത്ത് നിങ്ങളെയാകമാനം ഒതുക്കി ഭരിക്കുന്നതാണ്. ഈ കുഞ്ഞിന്റെ പ്രതാപവും പ്രശസ്തിയും ലോകത്തിന്റെ ഒരറ്റം മുതൽ മറ്റേഅറ്റം വരെ വ്യാപിക്കുന്നതുമാണ്.'

ഹിജാസിൽ നടന്ന അത്ഭുത സംഭവങ്ങളാണിതെല്ലാം. അതുപോലെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും അത്ഭുതകരമായ പലതും അന്നു സംഭവിച്ചിട്ടുണ്ട്. വിശിഷ്യാ ഇറാനിൽ. അഗ്നിപൂജ മുറക്കു നടത്തിയിരുന്ന മജൂസികളാണ് അന്നത്തെ ഇറാനികൾ-പേർഷ്യക്കാർ. കൂറ്റൻ കൂറ്റൻ അഗ്നികുണ്ഡങ്ങൾ നിർമ്മിച്ച് അവയുടെ മുന്നിൽ കുമ്പിട്ട് പ്രണമിക്കുന്ന ഭോഷത്തമാണവർക്കുണ്ടായിരുന്നത്. ആ അഗ്നികുണ്ഡങ്ങളിൽ ചിലത് നൂറ്റാണ്ടുകൾ പഴക്കം ചെന്നതാണെങ്കിൽ വേറെ ചിലതിൽ തീ ആളിക്കത്തിക്കാൻ തുടങ്ങിയിട്ട് വർഷങ്ങൾ സഹസ്രം തന്നെ പിന്നിട്ടുണ്ട്. വിറകിൻ കൊള്ളികൾ അണച്ചുകൊടുക്കൽ നിർത്തലാക്കിയാൽ ത ന്നെ പരിപൂർണ്ണമായി അതു പൊലിഞ്ഞു തീര ണമെങ്കിൽ മാസങ്ങൾ തന്നെ പലതും പിന്നിടേണ്ടിവരും. അത്രയും ഭീകരങ്ങളായ തീകുണ്ഠങ്ങൾ നൊടിയിട കൊണ്ട് അന്ന് കെട്ടാറിപ്പോയി.

അനിരുദ്ധമാം വണ്ണം ഒഴുകിക്കൊണ്ടിരിക്കുന്ന

അരുവികളും കെട്ടിനില്ക്കുന്ന തടാകങ്ങളും ഒരുപാടുണ്ടവിടെ. അവയിൽ പലതുമന്നു വറ്റിവരണ്ടുപോയി. കൂട്ടത്തിൽ പ്രാധാന്യമർഹിക്കുന്നതും പേർഷ്യക്കാരെ പിടിച്ചുകുലുക്കുന്നതുമായ ഒരു ദൃശ്യമായിരുന്നു സാവാ തടാകം വറ്റിവരണ്ടത്. ഏകദേശം 64 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുള്ള ഒരു തടാകമാണത്. കപ്പലോടിക്കാൻമാത്രം ആഴത്തിൽ വെള്ളവും അതിലുണ്ട്. തെഹ്റാന്റെയും ഹമദാന്റെയും മധ്യേയായിരുന്നു അത് സ്ഥിതി ചെയ്തിരുന്നത്. അന്നു നേരംപുലർന്നപ്പോഴേക്കു ആ കൂറ്റൻ തടാകം വറ്റിവരണ്ട് ഉണങ്ങിക്കിടക്കുകയാണ്. പിന്നീടതിൽ ജലം കെട്ടി നിന്നിട്ടുമില്ല. കാലക്രമേണ അതൊരു പ്രദേശമായി രൂപാന്തരപ്പെടുകയാണുണ്ടായത്. നല്ല വളക്കൂറുള്ള മണ്ണായതിനാൽ സസ്യലതാതികളും വൃക്ഷങ്ങളും അതിൽ തഴച്ചു വളരുകയുണ്ടായി.

അന്നു പേർഷ്യ ഭരിക്കുന്നത് അനൂശർവാനാണ്. ബനൂസാസാൻ പരമ്പരയിൽ പെട്ട ഒരു ചക്രവർത്തിയാണദ്ദേഹം. ഇറാൻ, ഇറാഖ് തുടങ്ങിയ പ്രദേശങ്ങളെല്ലാം അദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിലാണ്. പേർഷ്യ ഭരിക്കുന്ന രാജാക്കന്മാർക്കു കിസ്റാ എന്നു പറയപ്പെടുന്നതുകൊണ്ട് കിസ്റാ ചക്രവർത്തിയെന്ന നാമത്തിൽ പ്രസിദ്ധനാണദ്ദേഹവും. അംബരചുംബികളായ പല കോട്ടകളും അദ്ദേഹം പണിതിട്ടുണ്ട്. കൂട്ടത്തിൽ ഇറാഖിലെ മദാഇനിലുമുണ്ടൊരു പടുകൂറ്റൻ കോട്ട. പ്രകൃതികോപങ്ങളുടെ വെല്ലുവിളിയിൽ നിന്നു പിടഞ്ഞുചാടുവാൻ അതിമാത്രം കെട്ടുറപ്പിൽ നിർമ്മിച്ചതാണത്. നൂറു മുഴമായിരുന്നു അതിന്റെ പൊക്കം. അത്രതന്നെ നീളവും അതിനുണ്ട്. 22 ഗോപുരങ്ങളും അതിനുണ്ടായിരുന്നു. പ്രവാചകൻ പ്രസവിക്കപ്പെട്ട സുദിനത്തിൽ ഘോരമായ ശബ്ദത്തോടുകൂടി ആ കോട്ട കുറേനേരം കിടുകിടാ വിറച്ചുപോയി. ചില പൊട്ടുകളും വിള്ളലുകളും അതിനുണ്ടായി. ഗോപുരങ്ങളിൽ പതിനാലെണ്ണം അടർന്നു വീഴുകയും ചെയ്തു. അകാരണമായ ഈ സംഭവത്തിൽ ഉത്കണ്ഠാകുലനായ ചക്രവർത്തി തരിച്ചിരുന്നുപോയി.

അത്ഭുതകരമായ ഈ സംഭവങ്ങളുടെ പൊരുളുകൾ അജ്ഞാതമായതിൽ അദ്ദേഹം കുഴങ്ങി. അരുവികളും തടാകങ്ങളും വറ്റിവരണ്ടതും അഗ്നികുണ്ഡങ്ങൾ പൊലിഞ്ഞതും റിപ്പോർട്ടു ചെയ്യപ്പെട്ടതോടെ അദ്ദേഹത്തിന്റെ അങ്കലാപ്പും വേവലാതിയും പൂർവ്വോപരി ശക്തിയാർജ്ജിച്ചു. അപ്പോഴേക്കും മറ്റൊരു സംഭവംകൂടി. തന്റെ ഭരണീയരിൽ പെട്ട ഒരു പണ്ഡിതൻ(മൂബിദാൻ) കണ്ട സ്വപ്നമാണത്. കൂറ്റൻ ഒട്ടകങ്ങൾ അറബികുതിരകളെയും തെളിച്ച് യൂപ്രട്ടീസ് നദി മുറിച്ചുകടന്നു മറുകരയിൽ വിഹരിക്കുന്നു! ഇതാണു മൂബിദാൻ കണ്ട സ്വപ്നം. എല്ലാകൂടിയായപ്പോൾ ചക്രവർത്തി അസ്വസ്ഥചിത്തനായി. പാരവശ്യത്തിന്റെ പാതാളത്തിലേക്കയാൾ മറിഞ്ഞുവീണു. ഈ സംഭവങ്ങളുടെ രഹസ്യം വസ്തുനിഷ്ടമായി അറിഞ്ഞേപറ്റൂ. അയാൾ ശപഥം ചെയ്തു. ജ്യോത്സ്യന്മാരിൽ കേമന്മാരെ വിളിച്ചു വരുത്തി അന്വേഷണം നടത്തി. അറേബ്യയിൽ ഉദിച്ചു പൊങ്ങാൻ പോകുന്ന ഒരു പ്രസ്ഥാനത്തിന്റെ സൂചനകളാണിതെല്ലാം. അവർ നല്കിയ വിവരണമാണിത്.

ഇതുകൊണ്ട് തൃപ്തിയടയാത്ത രാജാവ് അന്വേഷണത്തിൽ തന്നെ നിരതനായി. അറേബ്യയുമായി ചുറ്റിപ്പറ്റിയ സംഗതിയാണ് സംഭവമെന്നു ജ്യോത്സ്യന്മാർ ഏകോപിച്ചതിനാൽ അറബികളുമായി ബന്ധപ്പെടാൻ തീരുമാനിച്ചു. നുഅ്മാനുബ്നിൻ മുൻദിറിന്നു രാജാവ് ഒരു കത്തെഴുതി. അറബികളിൽ പെട്ട ബനൂലുഖ്മ ഗോത്രത്തിലെ രാജാവാണ് നുഅ്മാൻ. ഇറാഖിൽപെട്ട ഹീറയായിരുന്നു അയാളുടെ പ്രവിശ്യ. താങ്കളുടെ അധികാര പരിധിയിൽ പെട്ട അറബികളിൽ ഏറ്റവും വിവരസ്ഥനെ ഇങ്ങോട്ടയക്കണം. ഇതാണ് കത്തിന്റെ ഉള്ളടക്കം. കത്തു കിട്ടിയ നുഅ്മാൻ അബ്ദുൽമസീഹ്ബിൻ അംറ് എന്ന പണ്ഡിറ്റിനെ അയച്ചുകൊടുത്തു. അദ്ദേഹം രാജസന്നിധിയിൽ എത്തിച്ചേർന്നു. അസാധാരണവും പുതുമനിറഞ്ഞതും അശാസ്ത്രീയവുമായ ഉപര്യുക്ത സംഭവങ്ങളുടെ പട്ടിക അദ്ദേഹത്തിന്റെ മുന്നിൽ രാജാവ് നിരത്തിവച്ചു. അവയുടെ രഹസ്യമന്വേഷിച്ചു. ആഗതൻ: മഹാരാജാവേ! മനഃസംതൃപ്തി കൈവരുത്തുന്ന മറുപടി നല്കുവാൻ ഈയുള്ളവൻ അശക്തനാണ്. പക്ഷേ, എനിക്ക് ഒരു മാതുലനുണ്ട്. സതീഹ് എന്നപേരിലാണയാളറിയപ്പെടുന്നത്. ശാമിലാണയാൾ നിവസിക്കുന്നത്. ഇത്തരം സംഗതികൾ വസ്തുനിഷ്ഠമായി വിവരിക്കുവാൻ അദ്ദേഹം അഗ്രഗണ്യനാണ്. രാജാവ്: എന്നാൽ താങ്കൾതന്നെ മാതുലനെ സമീപിച്ചു തൃപ്തികരമായ മറുപടി നല്കിയാലും. രാജാവിന്റെ ആജ്ഞ അബ്ദുൽമസീഹ് സവിനയം സ്വീകരിച്ചു. താൻ

**ഇറാഖിലെ മദാഇനിലുണ്ടൊരു പടുകൂറ്റൻ കോട്ട. പ്രകൃതികോപങ്ങളുടെ വെല്ലുവിളിയിൽ നിന്നു പിടഞ്ഞുചാടുവാൻ അതിശക്തമായ കെട്ടുറപ്പിൽ നിർമ്മിച്ചതാണത്. നൂറു മുഴമായിരുന്നു അതിന്റെ പൊക്കം. അത്രതന്നെ നീള വും അതിനുണ്ട്. 22 ഗോപുരങ്ങളും അതിനുണ്ടായിരുന്നു. പ്രവാചകർ (സ) പ്രസവിക്കപ്പെട്ട സുദിനത്തിൽ ഘോരമായ ശബ്ദത്തോടുകൂടി ആ കോട്ട കുറേനേരം കിടുകിടാ വിറച്ചുപോയി.**

ശാമിലേക്കു തിരിച്ചു. സുദീർഘമായ യാത്രക്കു ശേഷം സതീഹിന്റെ വസതിയിലണഞ്ഞു.

ഒരു അത്ഭുതസൃഷ്ടിയാണ് ഈ സതീഹ്. അസാധാരണമായ ശരീരപ്രകൃതി. ശിരസ്സിലും കൈപടങ്ങളിലും മാത്രമാണ് അസ്ഥിയുള്ളത്. ബാക്കി അവയവങ്ങളെല്ലാം മാംസപേശികളാണ്. ചേരപോലെ ചുരുണ്ടു കിടയ്ക്കുന്ന ഒരു മനുഷ്യ ജീവി. ആവശ്യമാകുമ്പോൾ വല്ല കൊട്ടയിലോ മറ്റോ ചുമന്നു നടക്കലാണ് പതിവ്. നാവിന്നുമാണ് ചലനമുള്ളത്. സാഹിത്യ ചമൽക്കാരങ്ങൾ കൊണ്ട് കോർത്തിണക്കപ്പെട്ട ഭാഷയിൽ മാത്രമേ സംസാരിക്കുകയുള്ളൂ. എഴുന്നൂറു വയസ്സാണു പ്രായം. ആസന്നമരണവാനും.

അന്വേഷിക്കുവാൻ ചെന്ന ഭാഗിനേയനോട് അന്വേഷണ വിഷയവും അതിന്റെ മറുപടിയും അദ്ദാമൻതന്നെ പറഞ്ഞുകൊടുത്തു. അദ്ദേഹം ഇങ്ങനെയാണു പറയുന്നത്. ശീഘ്രഗതിയിൽ അടിവച്ചു നീങ്ങുന്ന ഒട്ടകപ്പുറത്തു സവാരി ചെയ്താണു അബ്ദുൽമസീഹ് ആഗതനായത്. യമപുരിയിലേക്കു യാത്ര ചെയ്യാൻ ആസന്നമായ സതീഹിനെ സന്ദർശിക്കുവാനാണ് വന്നത്. സാസാൻ തറവാട്ടിലെ ചക്രവർത്തിയാണവനെ പറഞ്ഞയച്ചത്. കോട്ട കിടുകിടാ വിറച്ചതും ഗോപുരങ്ങൾ പൊളിഞ്ഞുവീണതും അഗ്നികുണ്ഡങ്ങൾ കെട്ടാറിയതും മുബദീദാൻ സ്വപ്നം കണ്ടതുമെല്ലാം അന്വേഷണ വിധേയങ്ങളാണ്. കൂറ്റൻകൂറ്റൻ ഒട്ടകങ്ങൾ അറബിക്കുതരകളെയും തെളിച്ച് യൂപ്രട്ടീസ് നദി മുറിച്ചു കടന്നു മറുകരയിൽ വഹരിക്കുന്നതാണയാൾ കണ്ട സ്വപ്നം. അബ്ദുൽ മസീഹേ! വേദവാക്യം കൂടുതൽ ഓതുകയും സന്തതസഹചാരിയായി ഒരു വടി കയ്യിൽ വയ്ക്കുകയും ചെയ്യുന്ന പ്രവാചകൻ ഭൂജാതനാവുകയും സാവാതടാകം വറ്റിവരളുകയും പേർഷ്യക്കാരുടെ ആരാധനാമൂർത്തികളായ അഗ്നികുണ്ഡങ്ങൾ പൊലിയുകയും ചെയ് തുകഴിഞ്ഞാൽ പിന്നെ സതീഹിന്റെ വാസസ്ഥലം ശാമിൽ നിന്നു മണ്ണറയിലേക്കു മാറുന്നതാണ്. പേർഷ്യക്കാരുടെ ആധിപത്യം ബാബിലോണിൽ വിലയം പ്രാപിക്കുന്നതാണ്. നിലം പതിച്ച ഗോപുരങ്ങളുടെ എണ്ണംകണ്ട് 14 രാജകുമാര-കുമാരികൾ സാസാൻ കുടുംബത്തിൽ നിന്നു സിംഹാസനാരോഹണം ചെയ്യുന്നതാണ്. അനന്തരം കിസ്റാ പരമ്പരതന്നെ തുത്തെറിയപ്പെടുന്നതാണ്. വരാനിരിക്കുന്നതെല്ലാം വരുകതന്നെ ചെയ്യും. ഇത്രയും പ്രഖ്യാപിച്ചുകൊണ്ട് സതീഹ് അന്ത്യശ്വാസം വലിച്ചു.

സതീഹിന്റെ പ്രവചനങ്ങളെല്ലാം അക്ഷരംപ്രതി പുലരുകയുണ്ടായി. അദ്ദേഹം വിശേഷിപ്പിച്ച ഗുണങ്ങളുടെ വിളനിലമായ പ്രവാചകൻ പ്രസവിക്കപ്പെട്ടിരുന്നുവല്ലോ. സതീഹ് മണ്ണറയിലേക്കു യാത്ര പോയത് അന്ന് അബ്ദുൽമസീഹിന്റെ മുമ്പിൽ വച്ചുമാണ്. ഇറാഖിലെ ഒരു പുരാതന സംസ്കാര കേന്ദ്രമായിരുന്ന ബാബിലോണിൽ നിന്നു കിസ്രാചക്രവർത്തിമാരുടെ ഭരണവും ആധിപത്യവും കെട്ടുകെട്ടപ്പെട്ടു. പൊളിഞ്ഞുവീണ ഗോപുരങ്ങളുടെ എണ്ണം കണ്ട് രാജാക്കന്മാരും രാജ്ഞിമാരും കൂടി 14 പേർ അതിന്റെ ശേഷം അധികാരത്തിൽ അവരോധിക്കപ്പെട്ടു. 14-ാമത്തെ രാജാവ് യസ്ദ്ജുർദ്, ഉസ്മാനു ബിൻഅഫാൻ(റ)ന്റെ ഭരണകാലത്ത് വധിക്കപ്പെട്ടു. അതോടെ കിസ്റാ ചക്രവർത്തിമാരുടെ ആധിപത്യം ഭൂമുഖത്തു നിന്നു എന്നെന്നേക്കുമായി തുത്തെറിയപ്പെട്ടു. ☆


## IPS പുസ്തകങ്ങൾക്ക്
## റബീഉൽ അവ്വൽ ഓഫർ!

| | |
|---|---|
| ശൈഖുനാ മൗലിദ് (അറബ്) | 15രൂപ |
| അനുസ്മരണക്കുറിപ്പുകൾ | 35 |
| നബി: വ്യക്തിയും വ്യക്തിത്വവും | 20 |
| ശരീഅത്തും വ്യക്തിനിയമവും | 15 |
| ഉച്ചഭാഷിണിയും ഖുതുബയും | 40 |
| സിഹ്ർ | 20 .. |
| നല്ല മനസ്സ് | 20 |
| അദൃശ്യജ്ഞാനം | 20 |
| ലഘുചിന്തകൾ 2-ാം ഭാഗം | 30 |
| ബുദ്ധിയുള്ള ഭ്രാന്തൻ | 15 |
| ശിർക്ക് | 25 |
| പ്രശ്നോത്തരം 1-ാംഭാഗം | 40 |
| പ്രശ്നോത്തരം 2-ാംഭാഗം | 65 |
| മുതലാളി ബാദ്ധ്യത | 15 |
| സംസം: സ്വർഗ്ഗത്തിലെ നീരുറവ | 15 |
| മുഹമ്മദ് മുസ്ത്വഫ മാപ്പിളപ്പാട്ടുകൾ | 35 |
| മഖ്ബറ ആചാരങ്ങൾ | 20 |
| ഖുർആൻ സുന്നത്ത്: തിരുത്ത് | 23 |
| അഹ്ലുസ്സുന്ന: | 40 |
| ത്വരീഖത്ത്-അദ്വൈതം | |
| 25തൗഹീദ്:മുഖാമുഖം | 22 |
| തിരുത്തപ്പെട്ട ഫത്‌വാകൾ | 35 |
| മാസപ്പിറവി കണക്ക് അനിസ്ലാമികം | 10 |
| നിവാരണം 1-ാംഭാഗം | 45 |
| നിവാരണം 2-ാംഭാഗം | 45 |
| മദ്ഹബുകൾ | 60 |
| ലഘുചിന്തകൾ 1-ാം ഭാഗം | 30 |
| ഖുതുബ ഭാഷയും പരിഭാഷയും | 25 |
| സ്ത്രീ പള്ളിയിൽ | 20 |
| മുഹമ്മദ് മുസ്തഫാ | 20 |
| കുഞ്ഞുങ്ങൾ കുഞ്ഞുങ്ങൾ | 25 |
| ബുൽബുൽ ദശവാർഷിക പതിപ്പ് | 50 |
| ചിരി ചിന്ത | 15 |
| പ്രതികാരക്കലിപൂണ്ടൊരു പെൺപുലി | 20 |

### വിലാസം

ദാറുസ്സുന്ന ഇസ്‌ലാമിക കേന്ദ്രം
പാഠിനിപ്പാറ-മഞ്ചേരി,
മലപ്പുറം-676122
PH: 0483-2769031

ഓഫീസ് സെക്രട്ടറി
ബുൽബുൽ ഓഫീസ്
പള്ളിക്കുന്ന്, പി.ഒ. വണ്ടൂർ
679328-മലപ്പുറം, Mob: 9446768040

റബീഉൽ അവ്വൽ പ്രമാണിച്ച് 500 രൂപക്ക് മുകളിൽ പുസ്തകമെടുക്കുന്നവർക്ക് 40 ശതമാനം കമ്മീഷൻ നല്കുന്നതാണ്.